പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4577 22.07.2015-ൽ മറുപടിക്ക്

## മാല്യങ്കരപ്പാലം വഴിയുള്ള ബസ്സ് സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | എറണാകുളം ജില്ലയെ മലബാർ മേഖലയുമായി ബന്ധിപ്പിക്കുന്ന മാല്യങ്കരപ്പാലം വഴി നിലവിലുള്ള സർവ്വീസുകൾ തീർത്തും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മാല്യങ്കരപ്പാലം വഴി സർവ്വീസ് നടത്തുന്ന ബസ്സുകളുടെ സമയ ക്രമം പുനഃക്രമീകരിച്ച് പീക്ക് അവേഴ്സിൽ (രാവിലെയും വൈകിട്ടും) കൂടുതൽ സർവ്വീസുകൾ ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ ; | (ബി) | പീക്ക് അവേഴ്സിൽ (രാവിലെയും വൈകിട്ടും) കൂടുതൽ ട്രിപ്പുകൾ ലഭ്യമാകുന്ന രീതിയിൽ നിലവിലുള്ള സർവ്വീസുകൾ പുനഃക്രമീകരിക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | മാല്യങ്കരപ്പാലം വഴി കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ; | (സി) | മാല്യങ്കരപ്പാലം വഴി കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.ക്ക് ഗുണകരമാകില്ലായെന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (ഡി) | ഏറെ തിരക്കുള്ള രാവിലെയും വൈകിട്ടും, പറവൂർ - ചെറായി - മാല്യങ്കര - മൂത്തകുന്നം - പറവൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ പറവൂർ - ചെറായി - മാല്യങ്കര - മൂത്തകുന്നം - പറവൂർ എന്ന രീതിയിൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ